(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി

1 (1521) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ ഏതെല്ലാം പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രശ്നങ്ങളോടുമുള്ള കേന്ദ്ര സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിന് പാർലമെന്റിന്റെ ഓരോ സമ്മേളനം തുടങ്ങുന്നതിന് മുൻപും എം.പി.മാരുടെ യോഗം വിളിച്ചുചേർത്ത് വിശദമായി ചർച്ച ചെയ്യാറുണ്ട്. സംസ്ഥാനവുമായി ബന്ധപ്പെട്ട്, കേന്ദ്ര ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളുടെ തീർപ്പിന് സമർപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും കേരളാ ഹൗസിൽ ഒരു ലെയ്സൺ വിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഡൽഹിയിൽ പ്രധാനമന്ത്രിയേയും മറ്റു കേന്ദ്ര മന്ത്രിമാരെയും സന്ദർശിച്ച് സംസ്ഥാനത്തിന്റെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും നിവേദനങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതി യാഥാർത്ഥ്യമാക്കുക, മുല്ലപ്പെരിയാറിന്റെ സുരക്ഷ ഉറപ്പാക്കുക, വല്ലാർപ്പാടം കണ്ടെയ്നർ പരിസ്ഥിതി ക്ലിയറൻസ്, കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കുന്നതിനുള്ള നടപടി, തിരുവനന്തപുരം മെഡിക്കൽ കോളേജിന് ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പദവി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് സ്ഥാപിക്കുക, പെൻഷൻസുഗമാർ റെയിൽവേ സോൺ തുടങ്ങുക, റെയിൽപ്പാതകളുടെ വികസനം, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, പുതിയ ട്രെയിനുകളും കോച്ചുകളും അനുവദിക്കുക, പാലക്കാട് റെയിൽവേ ഡിവിഷൻ നിലനിർത്തുക, പെരിയ ബോഗി ഫാക്ടറികൾ കേരളത്തിൽ സ്ഥാപിക്കുക, കണ്ണൂർ വിമാനത്താവളത്തിന് തത്വാധിഷ്ഠിത അംഗീകാരം നൽകുക, കേരളത്തിലെ ജലപാതകളുടെ വികസനത്തിന് പ്രത്യേക കേന്ദ്ര സഹായം ലഭ്യമാക്കുക, ആലപ്പുഴ-അഴീക്കൽ തുറമുഖങ്ങളുടെ വികസനത്തിന് സംസ്ഥാനം സമർപ്പിച്ച പദ്ധതി അംഗീകരിക്കുക, മണ്ണെണ്ണയുടേയും ഗോതമ്പിന്റേയും കാട്ട വർദ്ധിപ്പിക്കുക, എ.പി.എൽ./ബി.പി.എൽ.

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡം പുനഃപരിശോധിക്കുക, ന്യായവില ഷോപ്പുകളിലൂടെ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് സഹായം, ഓപ്പൺ മാർക്കറ്റ് സിസ്റ്റത്തിലൂടെ ഉയർന്ന വിലയ്ക്ക് ഗോതമ്പ് എടുക്കുന്നത് സംബന്ധിച്ച്, മാവേലി സ്റ്റോറുകളുടെ നവീകരണം, കൂടുതൽ എയർലൈനുകൾ അനുവദിക്കുക, എയർകേരളാ പ്രോജക്ടിന് അനുമതി നൽകുക, വിദേശമലയാളികൾക്ക് ക്ഷേമ പദ്ധതികൾ, വിമാന ചാർജ്ജ് വർദ്ധനവ് ഉപേക്ഷിക്കുക, വായ്പ എടുക്കാനുള്ള പരിധി ഉയർത്തുക, നാണ്യവിളകളെ ദേശിയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക, ഡോ. സ്വാമിനാഥൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇടുക്കി, ആലപ്പുഴ ജില്ലകളിലെ കാർഷിക മേഖലയുടെ വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക, കേരളത്തിന് അനുയോജ്യമായ കാർഷിക പാക്കേജ് പ്രഖ്യാപിക്കുക, കുരുമുളകിന്റെ ഇറക്കുമതി തീരുവ 70 ശതമാനമായി ഉയർത്തുക, അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്ലിയറൻസ്, എമിഗ്രേഷൻ നടപടിക്രമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുക, കുവൈറ്റ് യുദ്ധത്തെത്തുടർന്ന് നഷ്ടപരിഹാരം ലഭിക്കാനുള്ള സമയപരിധി നീട്ടുക, പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി ഉപേക്ഷിക്കുക, തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനുള്ള സഹായം ലഭ്യമാക്കുക, തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുക, വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുക, ടൂറിസം മേഖലയുടെ വികസനത്തിന് സംസ്ഥാനം മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുക, ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ മാതൃകയിൽ ഒരു കേന്ദ്ര സർവ്വകലാശാല സംസ്ഥാനത്ത് സ്ഥാപിക്കുക, അക്വാ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, വിവിധ പദ്ധതികൾക്ക് കേന്ദ്ര സഹായം വർദ്ധിപ്പിച്ച് നൽകുക, ദേശീയപാത 47-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനു മുൻപാകെ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പ്രശ്നങ്ങളോട് പൊതുവിൽ അനുഭാവപൂർവ്വമായ സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. എന്നാൽ ഉറപ്പു നൽകിയ പല പദ്ധതികൾക്കും ഇനിയും അനുമതി ലഭിച്ചിട്ടില്ല.

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ

2 (1525) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly